# GHSS VETTOOR

# 2019 - 2020



# CLICK TO LIFE

# CLICK TO LIFE



## EDITORIAL

KITE MISTRESS

Smt. JINCY JOHN

Smt. SHAMEENA BEEVI

STUDENTS

NIHAS N

IBA N

SUHAIL S

SAMIRA

HUSNA H

SALMA MS

SULTHAN S

## ആശംസ

വിവരസാങ്കേതിക രംഗത്ത് ഒട്ടനവധി മാറ്റങ്ങൾ സംഭവിച്ചുകൊണ്ടരിയ്ക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിയ്ക്കുന്നത് . ഇന്നത്തെ കാലഘട്ടത്തോട് അനുരൂപരാകുവാൻ കുട്ടികളെ സജ്ജരാക്കുന്ന പദ്ധതി ആണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ സംരഭങ്ങൾക്കും വിജയാശംസകൾ നേരുന്നു .ഡിജിറ്റൽ മാഗസിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ........

ഹെഡ് മിസ്ട്രസ്

സുജാത പി

# ആമുഖം

ലോകം കൈകുമ്പിളിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ വിവര സാങ്കേതിക രംഗത്തെ അനന്ത സാധ്യതകളിലേക്ക് കൈ പിടിച്ചു യർത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടത്തിവരുകയാണ് പൊതുവിദ്യാഭാസ മേഖല. ഈ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായിരിക്കുന്ന ഐ ടി ക്ലബ്ബുകളാണ് ലിറ്റിൽ കൈറ്റ്സ്.

ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, അനിമേഷൻ, സൈബർ സുരക്ഷാ, മലയാളം കമ്പ്യൂട്ടിങ്, മൊബൈൽ ആപ്പ് നിർമാണം, പ്രോഗ്രാമിങ് , റോബോട്ടിക്, വെബ് ടി വി , തുടങ്ങിയ മേഖലകളിൽ പ്രത്യക വൈദഗ്ത്യം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് **ക്ലിക്ക്റ്റു ലൈഫ്** .

കുട്ടികൾക്ക് നൽകിയ പരിശീലനം ഏറ്റവും മികച്ചതാണെന്ന് **ക്ലിക്ക്റ്റു ലൈഫിലൂ**ടെ ഏവർക്കും മനസ്സിലാക്കാൻ സാധിയ്ക്കും .

ജിൻസി ജോൺ
കൈറ്റ് മിസ്ട്രസ്

# താളുകൾ മറിയുമ്പോൾ


| | |
|---|---|
| പേമാരി | 6 |
| ഓർമയിലെ ഒരു വേനൽക്കാലം | 7 |
| തത്തയുംപൂച്ചയും | 9 |
| മഴ | 10 |
| സന്യാസിയായ രാജാവ് | 11 |
| കാലം | 13 |
| സമൂഹം | 15 |
| സൗഹൃദം | 17 |
| عش الحياة | 18 |
| Nature | 20 |
| നന്ദി | 21 |

# പേമാരി

ഇബ എൻ

മഴയെ ആണ് എനിക്ക് ഏറെ ഇഷ്ടം

കാരണം, എന്റെ കണ്ണുനീർത്തുള്ളിയെ

എല്ലാവരിൽ നിന്നും ഒളിപ്പിക്കാൻ നിനക്കു കഴിഞ്ഞു.

ഞാൻ നനഞ്ഞതും നീ എന്ന ഒറ്റത്തുള്ളി

പെയ്തപ്പോഴും ....

മേഘമായി അലയേണ്ടി വന്നാലും

ഒരു പ്രതീക്ഷ മഴയായി പെയ്തിറങ്ങാം

എന്നതാണ്......

ഭ്രാന്ത വേഗതയിൽ ഓടുന്ന കാലമേ .......

നീ എനിക്കെന്നും നഷ്ട്ട സ്വപ്നങ്ങളുടെ പേമാരി

മാത്രം ......

# ഓർമയിലെ ഒരു വേനൽക്കാലം

നിഹാസ് എൻ

ഇളം വെയിൽ ഉമ്മറത്തു നിന്നും അവളുടെ മുഖത്തേക്കു ഒളികണ്ണിട്ട് നോക്കി. സ്വപ്ന ലോകത്ത് നിന്ന് ആരോ തട്ടി ഉണർത്തുപോലെ ഒരു ചെറുപുഞ്ചിരി വിടർത്തി അവൾ കണ്ണ് തുറന്നു

മീനു... ആഹാ നീ ഇവിടെ എണീറ്റുകിടക്കുവാണോ? സമയം എത്രയായി? പോവണ്ടേ നമുക്ക് ?അമ്മയുടെ ആ ചോദ്യത്തിൽ ആണ് അവൾ തങ്ങളുടെ യാത്രയെ കുറിച്ചോർത്തത് . അവൾക്ക് ഏറ്റവും പ്രിയപ്പെട്ട ദിവസമാണിത് .തന്റെ സന്തോശങ്ങളിലെ രണ്ടു പാതിയാകുന്ന അച്ഛനും അമ്മയും ഒപ്പം ഒരു വേനൽക്കാല വിനോദയാത്ര. ഒടുക്കം അതിനുള്ള തയാറെടുപ്പുകൾ എല്ലാം പൂർത്തിയായി ആ സന്തോഷ യാത്രയിൽ അവൾ തിരിച്ചറിഞ്ഞില്ല താൻ ഏറെ സ്നേഹിച്ച അച്ഛനും അമ്മയും ഒത്തുള്ള അവസാന യാത്ര ആണതെന്നു...

അന്നത്തെ ആ യാത്രയ്ക്കിടയിൽ ഉണ്ടായ അപകടത്തിൽ തന്നെ തനിച്ചാക്കി തന്റെ എല്ലാം .... എല്ലാം ആയ അച്ഛനും അമ്മയും യാത്രയായി .ഒരിക്കലും തിരിച്ച വരാത്ത ഒരു യാത്ര.... ആദ്യ നാളുകളിൽ കാതുകളിൽ കേട്ട ആശ്വാസവാക്കുകളും സ്നേഹപ്രകടനകളും സഹായഹസ്തങ്ങളും പതിയെ ഇല്ലാതായി . ഒടുക്കം അവളിൽ നിന്നും പ്രതീക്ഷകളും സ്വപ്നങ്ങളും പടിയിറങ്ങി . പണ്ട് കൈകളിൽ കോരിയെടുത്തു കൊഞ്ചിച്ചവർക്ക് ഇന്ന് അവളൊരു ബാധ്യത മാത്രമായി .ഒടുക്കം ഒരു അനാഥാലയത്തിൽ ചുവരുകൾക് ഇടയിൽ മങ്ങിയ അവളുടെ ജീവിതം ഇഴുകിച്ചേർന്നു . ഈറനണിഞ്ഞൊരു മഞ്ഞി കാലവും ഇലപൊഴിക്കുന്ന ശിശിരകാലവും കോരിച്ചൊരിയുന്ന വർഷവും മാറി മാറിവന്നു...

അവളുടെ ആ കുഞ്ഞു മനസിന് പ്രീതിസന്ധികലെ നേരിടാനുള്ള പ്രാപ്തി കൈ വന്നു. ഇളം വെയിൽ ഉമ്മറത്തു നിന്നും അവളുടെ മുഖത്തേക്കു ഒളികണ്ണിട്ട് നോക്കി. സ്വപ്നലോകത് നിന്ന് ആരോ തട്ടി ഉണർത്തുപോലെ ഒരു ചെറുപുഞ്ചിരി വിടർത്തി അവൾ കാണു തുറന്നു

മീനു... ആഹാ നീ ഇവിടെ എണീറ്റുകിടക്കുവാണോ? സമയം എത്രയായി? പോവണ്ടേ നമുക്ക് ?അമ്മയുടെ ആ ചോദ്യത്തിൽ ആണ് അവൾ തങ്ങളുടെ യാത്രയെ കുറിച്ചോർത്തത് . അവൾക്ക് ഏറ്റവും പ്രിയപ്പെട്ട ദിവസമാണിത് .തന്റെ സന്തോശങ്ങളിലെ രണ്ടു പാതിയാകുന്ന അച്ഛനും അമ്മയും ഒപ്പം ഒരു വേനൽക്കാല വിനോദയാത്ര. ഒടുക്കം അതിനുള്ള തയാറെടുപ്പുകൾ എല്ലാം പൂർത്തിയായി ആ സന്തോഷയാത്രയിൽ അവൾ തിരിച്ചറിഞ്ഞില്ല താൻ ഏറെ സ്നേഹിച്ച അച്ഛനും അമ്മയും ഒത്തുള്ള അവസാന യാത്ര ആണതെന്നു...

അന്നത്തെ ആ യാത്രയ്ക്കിടയിൽ ഉണ്ടായ അപകടത്തിൽ തന്നെ തനിച്ചാക്കി തന്റെ എല്ലാം .... എല്ലാം ആയ അച്ഛനും അമ്മയും യാത്രയായി .ഒരിക്കലും തിരിച്ച വരാത്ത ഒരു യാത്ര.... ആദ്യ നാളുകളിൽ കാതുകളിൽ കേട്ട ആശ്വാസവാക്കുകളും സ്നേഹപ്രകടനകളും സഹായഹസ്തങ്ങളും പതിയെ ഇല്ലാതായി . ഒടുക്കം അവളിൽ നിന്നും പ്രതീക്ഷകളും സ്വപ്നങ്ങളും പടിയിറങ്ങി . പണ്ട് കൈകളിൽ കോരിയെടുത്തു കൊഞ്ചിച്ചവർക്ക് ഇന്ന് അവളൊരു ബാധ്യതമാത്രമായി .ഒടുക്കം ഒരു അനാഥാലയത്തിൽ ചുവരുകൾക് ഇടയിൽ മങ്ങിയ അവളുടെ ജീവിതം ഇഴുകിച്ചേർന്നു .

ഈറനണിനൊരു മഞ്ഞു കാലവും ഇലപൊഴിക്കുന്ന ശിശിരകാലവും കോരിച്ചൊരിയുന്ന വർഷവും മാറി ....

മാറിവന്നു . അവളുടെ ആ കുഞ്ഞു മനസിന് പ്രീതിസന്ധികലെ നേരിടാനുള്ള പ്രാപ്തി കൈ വന്നു.

# തത്തയും പൂച്ചയും

സുൽത്താന

പണ്ട് ഇല്ലിമുളം കാടിനുള്ളിൽ തത്ത താമസിച്ചിരുന്നു. ഒരു ദിവസം പതിവുപോലെ കുഞ്ഞുങ്ങളെ കൂട്ടിൽ തനിച്ചാക്കി തീറ്റ തേടി അവൾ കാട്ടിലൂടെ കുറെ ദൂരം പോയി. അങ്ങനെ അവൾ കാട്ടിനകത്തുള്ള നാട്ടിൻ പുറത്തെ ഒരു വീടിന്റെ അടുക്കള ഭാഗത്തെത്തി. അവിടെ ഒരു പാത്രത്തിൽ വെച്ച പാൽ തത്ത കാണാനിടയായി അങ്ങനെ തത്ത പാൽ കുടിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടന്നു പൂച്ച വന്നു. പിന്നെ അവൾ വേഗത്തിൽ അവിടെ നിന്ന് പറന്നു രക്ഷപെട്ടു പിന്നെ പൂച്ച വേഗം തന്നെ അവിടെയിരുന്ന പാൽ കുടിക്കാൻ തുടങ്ങി. തത്തയെ പിടിക്കാൻ വേണ്ടി പൂച്ച തത്ത താമസിച്ചിരുന്ന സ്ഥലം കണ്ടുപിടിക്കാൻ തുടങ്ങി.

അങ്ങനെ രണ്ടു മൂന്ന് ദിവസം കൊണ്ട് അവൻ തത്തയുടെ കൂട് കണ്ടെത്തി. അവൻ മരത്തിന് ചുവട്ടിൽ എത്തി. പൂച്ച കൂട് ലക്ഷ്യമാക്കി മരത്തിനുകളിൽ കയറാൻ തുടങ്ങി. 'അമ്മ തത്ത പേടിച്ച കരയാൻ തുടങ്ങി പൂച്ച കൂട്ടിനടുത് എത്താനായതും അവന്റെ കാൽ ഒരു വള്ളിയിൽ തട്ടി ഉടനെ ആ വള്ളിയിൽ കൂട് കൂട്ടി താമസിച്ചിരുന്ന തേനീച്ചകളെല്ലാം കൂട്ടത്തോടെ പൂച്ചയെ വളഞ്ഞു ആക്രമിക്കാൻ തുടങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ പൂച്ച മരത്തിൽ നിന്നും പിടിവിട്ടു താഴെ വീണു. പിന്നീട് ആ പൂച്ചയുടെ ശല്യം യിഉണ്ടായിട്ടേ ഇല്ല.

ഇതിൽ നിന്നും എനിക്ക് മനസിലായത് നമ്മൾ ആരെയും വെറുതെ ഉപദ്രവിക്കാൻ പാടില്ല.

# മഴ

സുഹൈൽ എം

മഴ ഒരു  വേളയിൽ
എന്നെ  വിസ്മയിപ്പിച്ച  ഞാൻ കൊതിച്ച
എൻ പ്രിയ തോഴനായിരുന്ന ....
ആ സ്വർഗ്ഗഭംഗിയെൻ മിഴികളേറെ
ഇഷ്ട്ടപെട്ടു
എൻ മനസ്സിനെതിരേ എന്നും
നിമിഷങ്ങൾ സമ്മാനിച്ച .

മഴത്തുള്ളികള് എൻ
ഉലികയിൽ കവിതകളായി പൊഴിഞ്ഞു
വീണിരുന്ന
എൻ സ്വപ്നമെന്ന മാനത്ത്
പ്രണയം വരച്ച എൻ തോഴൻ
ഇന്നെലെന്നിൽ  തീർക്കുന്നത് നിജമായ
ഭീതിയെന്ന വികാരം മാത്രം
ഒരു പക്ഷെ ,
മഴനീർതുള്ളിക്ക് എൻ കണ്ണീർ മുത്തിന്റെ
അതേ ഛായയായതുകൊണ്ടാവും .

# സന്യാസിയായ രാജാവ്

ശിഫാന. എസ്

വിശ്വാമിത്രമഹര്ഷി ഒരു രാജാവായിരുന്നു. പിന്നീട് ഏകനെയാണ് മഹര്ഷിയായതെന്നറിയണ്ടേ?

കേട്ടോളൂ.

ഒരിക്കൽ രാജാവായ വിശ്വമിത്രൻ കട്ടിൽ നായാട്ടിനു പോയി അന്ന് മുഴുവൻ നടന്നു വിശ്വാമിത്രൻ എത്തിയത് വസിഷ്ഠമുനിയുടെ ആശ്രമത്തിലാണ്. വിശപ്പുസഹിക്കാൻ വയ്യാതെ വന്നപ്പോൾ വിശ്വാമിത്രരാജാവ് അല്പം ഭക്ഷണത്തിനു വേണ്ടി വസിഷ്ഠമുനിയോഡ് യാചിച്ചു.

പാവം തോന്നിയ വസിഷ്ഠമുനിയാകട്ടെ വിഭവസമൃദമായ ഒരു സദ്യയൊരുക്കാൻ തീരുമാനിച്ചു. വസിഷ്ഠമുനിയുടെ കൈ വശം ഒരു പശുവുണ്ടായിരുന്നു . പശുവിന്റെ പേര് കാമദേനു. ദിവ്യ ശക്തി കൊണ്ട് കാമദേനു രുചികരമായ സദ്യ ഒരുകി. ഇതൊക്കെ കണ്ട വിശ്വാമിത്ര രാജാവ് അമ്പരന്നു. 'ആ പശുവിനെ കിട്ടിയിരുനെകിൽ എന്നും രാജ്യത്തു സമ്പത് സമ്രിധിയുണ്ടായേനെ; എന്ന് കരുതിയ വിശ്വാമിത്രൻ പശുവിനെ തനിക് തരാമോ എന്നു ചോദിച്ചു. ആയപ്പോൾ തന്നില്ലെങ്കിൽ തട്ടിയെടുക്കുമെന്നായി വിശ്വാമിത്രൻ. എന്നിട്ടു നേരെ കാമദേനുവിന്റെ കയറിൽ പിടിച്ചു വലിച്ചു. കാമദേനു തന്റെ ശക്തിയുപയോഗിച്ചു കുറെ പോരാളികളെ പ്രത്യക്ഷപ്പെടുത്തി. രാജാവിന്റെ സൈന്യവും പോരാളികളും തമ്മിൽ വലിയ അംഗം നടന്നു. പക്ഷെ പോരാളികളെ ഒന്നും ചെയ്യാൻ രാജാവിന്റെ സൈന്യത്തിനായില്ല.

ഇതോടെ തന്റെ സൈനിക ശക്തിയേക്കാൾ എത്രയോ വലുതാണ് തപസ്സിന്റെ ശക്തി എന്ന് വിശ്വാമിത്ര രാജാവിന് മനസിലായി.വസിഷ്ഠമുനിയുടെ അനുഗ്രഹം വാങ്ങി അന്ന് താനെ വിശ്വാമിത്രൻ സന്യാസം സ്വീകരിക്കുകയുഎം ചെയ്യുത്.



സുൽഫ

# കാലം

നന്ദന എൻ

പുസ്തകത്താളുകൾ പോലെ
കാലത്തെ മറിക്കുവാനായെങ്കിൽ........
എണ്ണക്കറുപ്പിന്റെ നിറമുള്ള
ഓർമകളിലേക്ക്.......
കണ്മഷി കുത്തിയ കവിൾത്തടത്തിലേക്ക.....
കാറ്റിനെ തലോടിയമാക്കൊമ്പിലേ
ഊഞ്ഞാലിലേക്ക.....
ചോരവാർന്ന ചില മുറിവുകളിലേക്ക
മുറ്റത്തെ പേരമറച്ചുവട്ടിലേക്ക
മധുരം കിനിഞ്ഞനാരങ്ങാമിട്ടായിലേക്ക
അങ്ങനെ ഓരോ ഓര്മയുടെയും
പിന്നാമ്പുറങ്ങളിലേക്ക
ചിതലരിച്ച മണ്ണിലുറങ്ങുന്ന
എന്റെ ബാല്യത്തിലേക്ക്
ഞാൻ......
കാലത്തെ മറിക്കുമായിരുന്നു......

ഹബീബ



# സമൂഹം

സക്കീർ

സമൂഹം വരച്ച രേഖയ്ക്കിടയിൽ
തളച്ചിട്ട ജീവിതമാണ്
ഓരോ സമൂഹ ജീവനും
വരച്ചിട്ട രേഖതൻ
ആഴവും പരപ്പും
ഉണിച്ച ഉണിച്ച
നിഗമനം ദിശയിലെത്തുമ്പോൾ
അന്ധമായ രേഖതൻ
അതിർ വരമ്പിനപ്പുറം
ചിന്തയും തളയ്ക്കപ്പെടുന്നുവോ.....
കഷ്ടം
വരച്ചിട്ട അഭിമാന രേഖയിൽ
കുരുങ്ങി മരിച്ചവരെത്ര
കെവിനെന്ന കാമുകനും
മനുവെന്ന സാധുവും ...

സാമിറ



# സൗഹൃദം

റൈഹാന എസ്

സ്നേഹത്തിന്റെ വിശാലത ആണ് സൗഹൃദം .....

ജീവന്റെ ഒരുപിടി നല്ല ഓര്മകള്ക്കായി സൗഹൃദം പകിടുന്നു .

ഒരുവ്യക്തിയുടെ ജീവിതത്തിൽ സ്നേഹബദ്ദത്തെക്കാൾ ഏറെ വലുതാണ് സൗഹൃദ ബദ്ദം .

സൗഹൃദം അത് അമൃത് കുടിക്കുന്ന അനുഭൂതി നൽകുന്നു.

പനിനീർ പൂവിന്റെ ദാന്യതയിൽ എല്ലാമനസുകളിലും പൂത്തുനിൽക്കുന്ന സുഗന്ധം പരത്തുന്

ഒരു നോവാണ് സൗഹൃദം. ഏകാന്തതയുടെ അന്ധകാരത്തിൽ നിന്നും ലോകത്തിലേക്ക് ഒരു ചെറുമഴയായി കുളിർകാറ്റായ്

ഒരു നിശബ്തത സംഗീദം പോലെ വെള്ളിവെളിച്ചത്തിൽ അപ്പൂപ്പൻ താടി കൊണ്ട് നമ്മുടെയെല്ലാം ഹൃദയത്തെ കുളിരണിയിച്ചവരാണ്

നമ്മുടെ ചങ്ങാതിമാർ .

സൗഹൃദം സ്നേഹമാണ് അതിലുപരി പരസ്പരവിശ്വാസമാണ് . സ്നേഹങ്ങളിൽനിന്നും സ്വപ്നങ്ങളിലേക്ക്പാറിക്കളിക്കുന്ന ഒരുനിച്ചലമായ

അനുഭവമാണ് സൗഹൃദം . ഇദ്പലപ്പോഴും ഒരുപുതുലോകത്തിലേക്ക് സൗഹൃദത്തിന്റെ ഒരായിരമരാജമല്ലികൾ വിടർത്തുന്നവരാണ്



# عش الحياة

مُنِير

كان هذا الرجل يعش حايته في خوف دائمًا حيث كان يبعد عن كل ما حوله ودائما يشعر بأن هناك تحذير بأن أي شئ حوله يمكن أن يؤدي إلى الإصابة بالأمراض المميته، فعاش يخاف من اصابته بمرض مميت مما جعله لا يتمتع بمباهج الحياة ويعيش حياة قاتمة والعجيب أنه بعد اربعين عامًا من الحياة يموت ولكن بحادث سير.



# Nature

Fathima K

When we take the time to examine the beauty of the world around us, we are able to see parallels within our own lives. One who in tune with nature is in tune with the practice of living. Nature moves in a spiral as do our personal lives. It is important to spend time in nature because in this way we can become aware of its wisdom. If we ignore the beauty of nature and spend all our time in an urban jungle, our stress levels go up and we begin to feel as if we are made out of the concrete that we see all around us.

Come, walk with me into the forest's blessed abode,
To see the wondrous beauty the Earth has bestowed;
We'll bask in the surreal splendor that surrounds us,
And listen to nature composing the forest's grand opus.

# നന്ദി

**ലി**റ്റിൽ  കൈറ്റ്സ് ഐ.ടി ക്ലബ് ടീം അംഗങ്ങളുടെ പ്രസരിപ്പും തുടിപ്പും ആവോളം ഉൾച്ചേർത്തുകൊണ്ട് ഉടലെടുത്ത നവ കൂട്ടായ്മയാണ് ഈ മാഗസീനിലൂടെ ഇവിടെ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നത് .സഫലമായ ഒരു നീണ്ട യാത്ര .ആ യാത്രയുടെ ലക്ഷ്യം പൂർത്തീകരിക്കപ്പെട്ടപ്പോൾ ആത്യന്ത്യകമായി സഫലമായത് കുരുന്നു പ്രീതിഭകളുടെ സ്വപ്നങ്ങളാണ് .ഐ .ടി രംഗം മുന്നിട്ടുകൊണ്ടിരിക്കുന്ന  ഈ കാലഘട്ടത്തിൽ കലാമെന്തൊക്കെ മായ്ച്ചു കളഞ്ഞാലും ഈ മാഗസിനിലെ ഓരോ ഉൾത്തുടിപ്പും ഏവരുടെയും മനസ്സുകളിൽ ഹൃദയസ്പർശിയായി എക്കാലവും നിലകൊള്ളുമെന്ന് പ്രേതീക്ഷിച്ചു കൊണ്ട് ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ടീം അംഗങ്ങൾക്കും മാസികയുടെ അണിയറ പ്രവർത്തകരായ അദ്ധ്യാപകർക്കും നന്ദിയുടെ ചെമ്പനീർ പുഷ്പ്പങ്ങൾ അർപ്പിച്ചു കൊള്ളുന്നു .

**ലിറ്റിൽ കൈറ്റ്സ് ടീം**